റോഡുകളുടെ അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ

255 (4887) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ശബരിമലയിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റോഡുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് പുതുതായി ബി.എം&ബി.സി ഉപരിതലം നിർമ്മിക്കുക എന്നാണുദ്ദേശിക്കുന്നത്. 40 എം.എം.-ന മുകളിലുള്ള ഉപരിതല ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്ന റോഡുകൾക്ക് ഗ്യാരണ്ടി പീരിഡ് 3 വർഷവും, 40 എം.എം-ൽ താഴെയുള്ള വർക്കുകൾക്ക് ഗ്യാരണ്ടി പീരീഡ് 1 വർഷവും ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ ഉണ്ടാകുന്ന കേടുപാടുകൾ അതാതുകരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും പരിഹരിക്കാൻ ബാധ്യസ്ഥനാണ്.

(ബി&സി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി ധനലഭ്യതക്കനുസരിച്ച് മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly